**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **12-12-2022 - ൽ മറുപടിയ്ക്ക്**

**ദിവസവേതന -കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും നികുതി നഷ്ടം ഒഴിവാക്കാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഓഫീസുകൾ, തദ്ദേശസ്ഥാപനങ്ങൾ,പൊതുമേഖല സ്ഥാപനങ്ങൾ,ക്ഷേമനിധി ബോർഡുകൾ കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ദിവസവേതന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അർദ്ധ വാർഷിക വരുമാനം 12000/- രൂപ മുതലുള്ളവർ തൊഴിൽ നികുതി ഒടുക്കേണ്ടതായിട്ടുണ്ടെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നികുതി ഈടാക്കി വരുന്നത്. ആയതിനാൽ ദിവസ വേതന- കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു വ്യക്തി ഒരു ഓഫീസിൽ ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുകയും അയാളുടെ അർദ്ധ വാർഷിക വരുമാനം 12,000/- രൂപയിൽ അധികരിക്കുകയും ചെയ്യുകയാണെങ്കിൽ ആ അർദ്ധ വർഷത്തേയ്ക്ക് തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥനാണ്. |

| | | | |
|---|---|---|---|
| | | | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245(1) (ബി) (എ) (i) പ്രകാരം മുനിസിപ്പൽ പരിധിയിൽ അറുപതു ദിവസത്തിൽ കുറയാതെ ഒരു തൊഴിലോ, ജോലിയോ, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) ചേർത്തിട്ടുള്ള പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിൽ നികുതി നിരക്ക് അനുസരിച്ച് ദിവസവേതന-കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഉൾപ്പെടെയുള്ളവർ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്ന ഓഫീസ് അധികാരിയുടെ ഉത്തരവാദിത്തമാണ് ടിയന്മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടക്കുക എന്നത്. ഇത്തരത്തിൽ ഒടുക്കു വരുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതു പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കർശനമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മേൽപ്പറഞ്ഞ പ്രകാരം തൊഴിൽ നികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതു പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി നികുതി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഗ്രാമ പഞ്ചായത്ത് അറിയിക്കുന്ന മുറയ്ക്ക് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തുന്നതിന് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തി നൽകി വരുന്നു. അസ്സസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വിട്ടു പോയ കെട്ടിടങ്ങളെ കണ്ടെത്തി ആയത് കാലികമാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ നഗരസഭകളിലും സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ